നിയമനം നടത്താത്ത പി.എസ്.സി. ലിസ്റ്റുകൾ

87 (95) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. യിലൂടെ 1996 മേയ് മാസം മുതൽ 2000 മാർച്ച് 31 വരെ എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഒരാളെപ്പോലും നിയമിക്കാത്ത പി.എസ്.സി ലിസ്റ്റുകൾ ഏതെങ്കിലുമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇത്തരം ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്തുന്ന കാര്യം ത്വരിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 75126 പേർക്ക് നിയമനം നൽകി.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

റാങ്ക് ലിസ്റ്റിന്റെ കാലാവധി

88 (96) ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതിനകം നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) 2000 മേയ് മാസത്തിൽ പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(ഡി) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ വരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6-4-98 മുതൽ മൂന്ന് വർഷമാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി.

(ബി) ഇതിനകം ഈ ലിസ്റ്റിൽ നിന്ന് 1064 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 19-4-2000 വരെ ഉണ്ടായ ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 28-4-2000-ലാണ് അവസാനമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തത്.

(സി) 28-4-2000 നുശേഷം ഒഴിവുകളൊന്നും ഉണ്ടായിട്ടില്ല. അതിനാൽ 2000 മേയ് മാസത്തിൽ ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ഥിരമായി ഉണ്ടാകുന്ന ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തിവരുന്നുണ്ട്.

കോപ്പി ഫോൾഡർ തസ്തികയ്ക്കു വേണ്ടി നടത്തിയ പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ്

89 (97) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഗവൺമെന്റ് പ്രസ്സ് കോപ്പി ഫോൾഡർ തസ്തികയ്ക്കു വേണ്ടി പി.എസ്.സി. നടത്തിയ പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് എന്ന് പ്രസിദ്ധപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

എറണാകുളം ജില്ലയിൽ ഗവൺമെന്റ് പ്രസ്സിലെ കോപ്പി ഫോൾഡർ തസ്തികയുടെ തെരഞ്ഞെടുപ്പിനുള്ള ഷോർട്ട് ലിസ്റ്റ് താമസംവിനാ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു.

നിയമനം ത്വരിതപ്പെടുത്താൻ നടപടി

90 (98) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലേയ്ക്ക് പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ക്രീമിലെയർ പ്രശ്നം ഉണ്ടായ ശേഷം നിർത്തി വച്ചിരുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് ഉള്ള നിയമനം, നിയമനങ്ങൾ നല്കാൻ സർക്കാർ ഉത്തരവ് നല്കിയ ശേഷവും സ്തംഭിച്ചിരിക്കുകയാണെന്ന് വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്പോഴുള്ള ഒഴിവുകളിലേയ്ക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഉള്ള നിയമനം ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) 60 ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി & സി) ശേഷിക്കുന്ന 67 ഒഴിവുകളിലേക്ക് നിയമന ശുപാർശ നടത്തുവാനുള്ള നടപടി പുരോഗമിച്ചു വരുന്നു.

ഇന്റർവ്യൂവിന് വിളിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ മുൻഗണനാക്രമം

91 (99) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലേയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അതിനുള്ള അർഹത നിശ്ചയിക്കുവാൻ പബ്ലിക് സർവ്വീസ് കമ്മിഷൻ എഴുത്തു

LIBRARY ARCHIVES Kerala Legislative Assembly